**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കൊയിലാണ്ടി നഗരസഭ - വിജിലൻസ് മിന്നൽ പരിശോധന - ഓപ്പറേഷൻ ടു ടയർ - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എ. സുരേന്ദ്രനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് .പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 333/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 06.02.2017.

=====================================================================

**പരാമർശം :**
1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.07.2012 തീയതിയിലെ E12(SC05/12/KKD) 17562/2012 നമ്പർ കത്ത്.
2) കൊയിലാണ്ടി നഗരസഭയിലെ താൽക്കാലിക സെക്രട്ടറിയായിരുന്ന ശ്രീ. എ. സുരേന്ദ്രന് നൽകിയ 29.11.2014 തീയതിയിലെ 67860/ഇയു1/14/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
3) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. എ. സുരേന്ദ്രൻ സമർപ്പിച്ച 18. 03.2015 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 06.04.2016 തീയതിയിലെ വി2-22870/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

'ഓപ്പറേഷൻ ടു ടയർ' എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനകളുടെ ഭാഗമായി കൊയിലാണ്ടി നഗരസഭയിൽ 27.02.2012 തീയതിയിൽ നടത്തിയ വിജിലൻസ് മിന്നൽ പരിശോധനയിൽ ടി നഗരസഭയിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കൃത്യമായി പ്രവർത്തിക്കുന്നില്ലെന്നും, നഞ്ച, നിലം കമ്മിറ്റികളുടെ മിനുറ്റ്സുകൾ കൃത്യമായി സൂക്ഷിക്കുന്നില്ലെന്നും കണ്ടെത്തി. മേൽ ക്രമക്കേടുകൾക്ക് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എ. സുരേന്ദ്രനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

2) ശ്രീ. എ. സുരേന്ദ്രൻ സമർപ്പിച്ച പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ ടി നഗരസഭയിലെ ജനനമരണ വിവാഹ സർട്ടിഫിക്കറ്റുകൾ പ്രത്യേകം തയ്യാറാക്കിയ ഫ്രണ്ട് ഓഫീസ് മുഖേനയാണ് നൽകി വരുന്നതെന്നും എല്ലാ സർട്ടിഫിക്കറ്റും ഫ്രണ്ട് ഓഫീസിൽ നിന്നും നൽകുന്നതിന് നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണെന്നും എന്നാൽ ചെറിയ ഓഡിറ്റോറിയമാണ് ഇപ്പോൾ ഓഫീസായി പ്രവർത്തിക്കുന്നതെന്നും സ്ഥലപരിമിതിമൂലമാണ് വിശാലമായ ഫ്രണ്ട് ഓഫീസ് ഒരുക്കുവാൻ സാധിക്കാത്തതെന്നും പഴയ ബസ്സ്റ്റാൻഡ് കെട്ടിടം പൊളിച്ചു പുതിയ ഓഫീസ്-കം കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും നഗരസഭയിൽ എഞ്ചിനീയറിംഗ് വിഭാഗം എൽ.എസ്.ജി.ഡി. ഓഫീസായും പ്രത്യേകമായി പ്രവർത്തിച്ചു വരുന്നുണ്ടെന്നും എൽ.എസ്.ജി ഓഫീസിൽ സെക്രട്ടറി ദൈനംദിനം ഇടപെടാറില്ലെങ്കിലും നഞ്ച, നിലം കമ്മിറ്റികളുടെ മിനുട്ട്സ് ഇപ്പോൾ കൃത്യമായി സൂക്ഷിച്ചു വരുന്നുണ്ടെന്നും ടി വിഷയത്തിൽ വല്ല വീഴ്ചയും വന്ന് പോയിട്ടുണ്ടെങ്കിൽ ആയത് ബോധപൂർവ്വമല്ലെന്നും കൂടാതെ തുടർ നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്നും അപേക്ഷിച്ചു.

3) വിജിലൻസ് പരിശോധനാ വേളയിൽ പൊതുവേ സൗകര്യക്കുറവുള്ള ഓഫീസ് എന്ന നിലയിൽ ഓഫീസിലെ വരാന്തയിൽ പ്രവർത്തിച്ചിരുന്നത് എന്നും ടി സമയം ഫ്രണ്ട് ഓഫീസ് എന്ന നിലയിൽ പൂർണ്ണമായ പ്രവർത്തനം ഉണ്ടായിരുന്നില്ല എന്നും നിലവിൽ കൊയിലാണ്ടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കേളപ്പജി മെമ്മോറിയൽ ഹാൾ സൗകര്യപ്പെടുത്തി ഓഫീസായി പ്രവർത്തിക്കുന്നു എന്നും നഞ്ച കമ്മിറ്റിയുടെ മിനുട്ട്സ് ബുക്ക് പരിശോധിച്ചതിൽ 18.06.2012 മുതൽ ചേർന്ന കമ്മിറ്റികളുടെ യോഗനടപടികൾ രേഖപ്പെടുത്തി കാണുന്നുണ്ട് എന്നും എന്നാൽ മിക്ക യോഗങ്ങളുടെയും തീരുമാനം ഒപ്പ് വച്ച് ആധികാരികമാക്കിയതായി കാണുന്നില്ല എന്നും കൂടാതെ നിരസിക്കുന്ന അപേക്ഷ സംബന്ധിച്ച കാരണവും മിനുട്ട്സിൽ രേഖപ്പെടുത്തുന്നില്ല എന്നും ഇക്കാര്യത്തിൽ സെക്രട്ടറിയുടെ മേൽനോട്ടക്കുറവുണ്ടെന്നതും വിജിലൻസ് പരിശോധനാ വേളയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം കൃത്യമായി പ്രവർത്തിക്കുന്നില്ല എന്നതും വസ്തുതയാണെങ്കിലും ഓഫീസ് സ്ഥല പരിമിതി പരിഗണിച്ചും, നിലവിൽ നല്ല രീതിയിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നുണ്ട് എന്നതിനാലും നഞ്ച, നിലം കമ്മിറ്റികളുടെ മിനിട്സ് 18.06.2012 മുതലുള്ള യോഗ വിവരങ്ങൾ എഴുതി സൂക്ഷിച്ചു വരുന്നത് കണക്കിലെടുത്തും ആയത് കുറ്റമറ്റതാക്കി സൂക്ഷിക്കുന്നതിന് നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ. സുരേന്ദ്രന്റെ പേരിലുള്ള തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന് പരാമർശം നാല് പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'ഓപ്പറേഷൻ ടു ടയർ' എന്ന പേരിൽ വിജിലൻസ് വകുപ്പ് സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനകളുടെ ഭാഗമായി കൊയിലാണ്ടി നഗരസഭയിൽ 27.02.2012 തീയതിയിൽ നടത്തിയ വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എ. സുരേന്ദ്രനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, മേലിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തരുതെന്ന താക്കീത് നൽകി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവ്

പുറപ്പെടുവിക്കുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം കുറ്റമറ്റ രീതിയിൽ നടക്കുന്നു എന്നത് ഉറപ്പാക്കണമെന്ന കർശന നിർദ്ദേശം കൂടി കൊയിലാണ്ടി നഗരസഭാ സെക്രട്ടറിക്ക് ഇതോടൊപ്പം നൽകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കൊയിലാണ്ടി നഗരസഭ.
ശ്രീ. എ. സുരേന്ദ്രൻ, പ്രൊവിഷണൽ സെക്രട്ടറി,
കൊയിലാണ്ടി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് ( 09.12.2016 തീയതിയിലെ 9265/ഡി1/16/വിജി. നമ്പർ പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**